നമ്പർ.എച്ച്4/26488/2017/ഡി.പി.ഐ. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി.31.03.2018

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം-മധ്യവേനലവധിക്കാലത്ത് സ്കൂളുകളിൽ പഠനപ്രവർത്തനങ്ങൾ നടത്തുന്നത് നിരോധിച്ച് നിർദേശം പുറപ്പെടുവിക്കുന്നു.

സൂചന : 1) ബഹു.ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 24/02/2018 ലെ ഉത്തരവ് സി.ആർ. എം.പി നമ്പർ 4692/09/എൽ.എ.2/2017
2) ഈ കാര്യാലയത്തിൽ നിന്നുള്ള 28/04/17 ലെ ഇതേ നമ്പർ സർക്കുലർ.
3) 27/03/2018 ലെ സർക്കാർ കത്ത് നമ്പർ ജി1/340/17/പൊ.വി.വ.

കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം VII, ചട്ടം 1 പ്രകാരം, പൊതുവിദ്യാഭ്യാസ ഡയറക്ടർ മറ്റു തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കാത്തപക്ഷം സംസ്ഥാനത്തെ സ്കൂളുകൾ മാർച്ച് മാസത്തെ അവസാന പ്രവൃത്തിദിനത്തിൽ അടയ്ക്കേണ്ടതും ജൂൺ മാസത്തെ ആദ്യ പ്രവൃത്തിദിനത്തിൽ തുറന്നു പ്രവർത്തിക്കേണ്ടതുമാണ്. അതിൻപ്രകാരം 2017-18 അധ്യയനവർഷം 31/03/2018 ന് അവസാനിക്കുകയാണ്. സംസ്ഥാനത്തെ സ്കൂളുകൾ മധ്യവേനലവധിക്കായി അന്നേദിവസം അടയ്ക്കുകയും ചെയ്യും.

എന്നാൽ മേൽചട്ടത്തിനു വിപരീതമായി സംസ്ഥാനത്ത് ചില സ്കൂളുകളിൽ മധ്യ വേനലവധിക്കാലത്ത് ക്ലാസുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത് നിരോധിച്ചുകൊണ്ട് മുൻവർഷം സൂചന (2) പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നിരുന്നാലും ഈ വർഷവും ചിലസ്കൂളുകളിൽ അവധിക്കാല ക്ലാസുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി ബഹു. ബാലാവകാശ സംരക്ഷണ കമ്മീഷന് പരാതികൾ ലഭിച്ചതിനെ തുടർന്ന് അവധിക്കാല ക്ലാസുകൾ ഒഴിവാക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു കൊണ്ട് നിരോധന നടപടികൾ ആവർത്തിക്കാൻ കമ്മീഷൻ സൂചന (1) ലെ ഉത്തരവ് പ്രകാരം നിർദേശിച്ചിരിക്കുകയാണ്.

വിദ്യാർത്ഥികളുടെ ശാരീരിക-മാനസിക സുസ്ഥിതിക്ക് അവധി ദിനങ്ങൾ അത്യന്താപേക്ഷിതമാണെന്ന് നിരവധി ആധുനിക മനഃശാസ്ത്ര പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അവധിദിനങ്ങളിലും പഠനപ്രവർത്തനങ്ങൾക്കായി കുട്ടികൾ നിർബന്ധിക്കപ്പെട്ടാൽ അത് അവരുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് വിഘാതമാവുകയേയുള്ളു. മാത്രമല്ല ഏപ്രിൽ-മെയ് മാസങ്ങളിൽ അനുഭവപ്പെടുന്ന കടുത്ത ചൂടും ജലക്ഷാമവും നമ്മുടെ കുട്ടികൾക്ക് നിരവധി ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യും. മേൽസാഹചര്യത്തിൽ സി.ബി.എസ്.സി, സി.ഐ.എസ്.സി.ഇ തുടങ്ങിയ ബോർഡുകളുടെ പാഠ്യപദ്ധതികൾ പിൻതുടരുന്ന സ്കൂളുകൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയ്ഡഡ്/അൺഎയ്ഡഡ് ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂളുകളിലും മധ്യവേനലവധിക്കാലത്ത് ഏതെങ്കിലും തരത്തിലുള്ള ക്ലാസുകൾ നടത്തരുതെന്ന് ബന്ധപ്പെട്ട എല്ലാ പ്രഥമാധ്യാപകർക്കും സ്കൂൾ മാനേജർമാർക്കും ഇതിനാൽ കർശനനിർദേശം നൽകുന്നു.

കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കും ഡിപ്പാർട്ടുമെന്റിന്റെ പൊതുനിർദേശങ്ങൾക്കും വിരുദ്ധമായി മധ്യവേനലവധിക്കാലത്ത് ക്ലാസുകൾ നടത്തുന്ന സ്കൂൾ അധികാരികൾ, പ്രധാനാധ്യാപകർ, അധ്യാപകർ എന്നിവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

മധ്യവേനലവധിക്കാലത്ത് ക്ലാസുകൾ നടത്തുക വഴി ക്ലാസിൽവച്ചോ വഴിയാത്രയ്ക്കിടയിലോ കുട്ടികൾക്ക് വേനൽചൂട് മൂലം സംഭവിക്കുന്ന അത്യാഹിതങ്ങൾക്ക് സ്കൂൾ അധികാരികൾ, പ്രധാനാധ്യാപകർ, അധ്യാപകർ എന്നിവർ വ്യക്തിപരമായി തന്നെ ഉത്തരവാദിത്തം വഹിക്കേണ്ടി വരുമെന്നും അറിയിക്കുന്നു.

മധ്യവേനലവധിക്കാലത്ത് സ്കൂളുകളിൽ കുട്ടികൾക്കുവേണ്ടിയുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് അനുവാദം നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷകൾ ലഭിക്കുന്നുണ്ട്. ഒരു മധ്യവേനലവധിക്കാലത്ത് പരമാവധി 7 ദിവസം എന്ന് നിജപ്പെടുത്തി അതത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറിൽ/ജില്ലാവിദ്യാഭ്യാസ ഓഫീസറിൽ നിന്ന് മുൻകൂർ അനുമതി വാങ്ങിയതിനുശേഷം വെക്കേഷൻ ക്യാമ്പുകൾ നടത്താവുന്നതാണ്. അനുമതി നൽകുന്ന ഓഫീസർ ക്യാമ്പ് നടക്കുന്ന സ്കൂൾ നേരിട്ട് സന്ദർശിച്ച് ക്യാമ്പുകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ആവശ്യമായ ശുദ്ധജലം, ഭക്ഷണം, ഫാൻ, ടോയ്‌ലറ്റ് ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കുമ്പോൾ കുട്ടികൾക്ക് വേനൽചൂടിന്റെ ആഘാതം ഉണ്ടാകാതെ സൂക്ഷിക്കാൻ സ്കൂൾ അധികൃതരും ക്യാമ്പ് സംഘാടകരും സവിശേഷ ശ്രദ്ധ പുലർത്തണം.

ഈ സർക്കുലറിലെ നിർദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതും ലംഘനമെന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ ഉടൻ സ്വീകരിക്കേണ്ടതുമാണ്.

**ജെസ്സി ജോസഫ്**

**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**

സ്വീകർത്താക്കൾ:-

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
2) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
3) എല്ലാ പ്രഥമാധ്യാപകരും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തരം)
4) എല്ലാ സ്കൂൾ മാനേജർമാരും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തരം)
5) എക്സിക്യൂട്ടീവ് ഡയറക്ടർ, & വൈസ് ചെയർമാൻ, കൈറ്റ്, പൂജപ്പുര (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

പകർപ്പ്:

1) രജിസ്ട്രാർ, ബാലാവകാശ സംരക്ഷണ കമ്മീഷൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, ഹയർസെക്കന്ററി എഡ്യൂക്കേഷൻ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം (അറിവിലേക്ക്)
3) ഡയറക്ടർ വൊക്കേഷണൽ ഹയർസെക്കന്ററി എഡ്യൂക്കേഷൻ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം (അറിവിലേക്ക്)
4) റീജിയണൽ ഓഫീസർ, സി.ബി.എസ്.സി, റീജിയണൽ ഓഫീസ്, എൽ.ഐ.സി. ബിൽഡിംഗ്, പട്ടം, തിരുവനന്തപുരം (അറിവിലേക്കും തുടർനടപടികൾക്കുമായി)